**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 45** **23-06-2026-ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വൈവിധ്യവൽക്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ സേവന മേഖലയുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

**മറുപടി:** കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി നിരവധി മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.

ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖയിൽ ഒറ്റത്തവണ തീർപ്പാക്കൽ - ആശ്വാസ് 2026 പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ഒറ്റത്തവണ തീർപ്പാക്കൽ-ആശ്വാസ് 2026**

പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-ആശ്വാസ് 2026. ടി പദ്ധതി 2026 ജൂൺ 1 മുതൽ 2026 ഓഗസ്റ്റ് 31 വരെ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

സഹകരണസംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. വായ്പാക്കാരന്റെ നിലവിലെ സാമ്പത്തിക സാഹചര്യം, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പാക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും, ഇതു പ്രകാരം വായ്പാക്കാരന് വായ്പാ തിരിച്ചടവിന് അവസരം നൽകുന്നതുമാണ്. കരുതൽ വയ്ക്കേണ്ടിവന്നതും പ്രാഥമിക സംഘങ്ങൾ/ബാങ്കുകളുടെ

നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനും 50,000 (അൻപതിനായിരം) രൂപ മുതൽ 50 ലക്ഷം രൂപ വരെയുള്ള വായ്പകൾ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ പലിശ ഇളവുകളോടെ അടച്ച് തീർക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ വായ്പക്കാർക്ക് ആവസരം ലഭിക്കുന്നു. മരണപ്പെട്ടവരുടെ വായ്പാ ബാധ്യത കൈമാറിക്കിട്ടിയ അനന്തരാവകാശികളുടേയും, മാരകരോഗങ്ങൾ ബാധിച്ചവരുടേയും വായ്പകളും ഇളവുകളോടെ അടച്ച് തീർക്കുന്നതിനുള്ള വ്യവസ്ഥകളും അതിദരിദ്ര വിഭാഗത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേകം ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വായ്പകൾക്ക് സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നതും അവസാനിപ്പിക്കുന്ന എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നതുമാണ്. ഇതിനു പുറമേ, ഒറ്റത്തവണയായി കുടിശ്ശിക തുക അടച്ച് തീർക്കാൻ സാധിക്കാത്ത വായ്പക്കാർക്ക് തവണ വ്യവസ്ഥയിൽ പിഴപ്പലിശ പൂർണമായി ഒഴിവാക്കി കൊണ്ട് അടച്ച് തീർക്കുന്നതിനുള്ള വ്യവസ്ഥയും ഈ പദ്ധതിയിലുണ്ട്.

അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പയിൽ മുതൽ തുക മാത്രം ഈടാക്കിയും 1 ലക്ഷം മുതൽ 5 ലക്ഷം വരെയുള്ളവയിൽ പലിശയുടെ 50% ഇളവ് നൽകിയും വായ്പ അവസാനിപ്പിക്കാവുന്നതാണ്. 5 ലക്ഷത്തിനു മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 25% വരെ പലിശ ഇളവ് നൽകുന്നതിനും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 15% വരെ പലിശ ഇളവ് നൽകുന്നതിനും ഈ പദ്ധതി പ്രകാരം വ്യവസ്ഥയുണ്ട്.

മാരക രോഗം പിടിപെട്ടവരുടെ വായ്പകളിലും മാരകരോഗം പിടിപെട്ടവർ കുടുംബാംഗങ്ങളായുള്ളവരുടെ വായ്പകളിലും വായ്പക്കാരന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തു വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 15% വരെ അധിക പലിശ ഇളവ് കൂടി നൽകുന്നതിനും കാലാവധി കഴിഞ്ഞ overdraft/cash credit എന്നിവയിലെ ബാക്കി നില്പിൽ പരമാവധി 10% വരെ ഇളവ് നൽകുന്നതിനും കൃത്യമായി വായ്പ തവണ തിരിച്ചടക്കുന്നവർക്കു അടച്ച പലിശയിൽ 5% ഇളവ് നൽകുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. ആർബിട്രേഷൻ കേസിനെ തുടർന്നുള്ള എല്ലാ ജപ്തി-ലേല നടപടികളും ഈ പദ്ധതി കാലയളവിൽ ഒഴിവാക്കുന്നതാണ്. കൂടാതെ ഒറ്റ തവണയായി വായ്പ അടച്ച് ക്ലോസ്സ് ചെയ്യാൻ കഴിയാത്തവർക്ക് പിഴപ്പലിശ ഒഴിവാക്കി പദ്ധതി കാലയളവിൽ തവണയായി ഒടുക്കി വായ്പ അവസാനിപ്പിക്കാവുന്നതുമാണ്. സ്വർണ്ണപണയവായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ ഒഴികെയുള്ള മറ്റെല്ലാ വായ്പകളും ഈ പദ്ധതി പ്രകാരം അടച്ചുതീർക്കാവുന്നതാണ്.

സഹകരണ സേവന മേഖലയുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് 2026-27 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റിൽ ചുവടെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. **<u>100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>**

സഹകരണ സംഘങ്ങൾക്കിടയിൽ സൗരോർജ്ജം സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, പുന:രുപയോഗിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക, കൂടുതൽ സുസ്ഥിരമായ ഭാവിക്ക് സംഭാവന നൽകുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 1000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്വന്തം കെട്ടിടമുള്ള സഹകരണ സംഘങ്ങൾക്ക് മേൽക്കൂരയിൽ നിർബന്ധിത സോളാർ ഇൻസ്റ്റലേഷനുകൾ വെയ്ക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2. **<u>ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനുള്ള ധനസഹായം</u>**

സർക്കാർ നയത്തിന്റെ ഭാഗമായി സഹകരണ മേഖലയിലെ നിക്ഷേപം സംരക്ഷിക്കുന്നതിനും സഹകരണ സംഘാംഗങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുമായി ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ ധനസഹായമായി തുക അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**3.<u>സഹകരണ മേഖലയിൽ PCP മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധനസഹായം</u>**

പൊതു-സഹകരണ പങ്കാളിത്ത (Public Co-operative Partnership - PCP) പദ്ധതി എന്നത് സർക്കാർ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ചേർന്ന് പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നൽകുന്ന പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിനും പഠനം നടത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ളതാണ്. ഈ പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് നിലവിലുള്ള സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും നിലവിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും സഹകരണ സേവന മേഖലയിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

1. **<u>കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ (Risk fund Board Portal)</u>**

സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്. സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിനു ശേഷം മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്കും, ഗുരുതരമായ അസുഖങ്ങൾ ബാധിച്ച അംഗങ്ങൾക്കും സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുള്ള ഡിജിറ്റൽ സംവിധാനമാണ് Risk Fund Board Portal. ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബോർഡ് നടപ്പിലാക്കുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ ക്ഷേമ വികസന പദ്ധതി എന്നിവയിലേക്ക് സംഘങ്ങൾക്ക് അംഗത്വം നൽകൽ, റിസ്ക് ഫണ്ട് വിഹിതം അടവാക്കൽ, റിസ്ക് ഫണ്ട് ക്ലെയിം അപേക്ഷകൾ സ്വീകരിക്കൽ, ടി അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ച് ധനസഹായം അനുവദിക്കൽ, ക്ഷേമ വികസന പദ്ധതി വാർഷിക വിഹിതം അടവാക്കൽ, എന്നിവ ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും ബോർഡിലെ അക്കൗണ്ടിംഗ് ജോലികൾ, ജീവനക്കാരുടെ സേവന വേതനം, HR, അനുബന്ധ സേവനങ്ങൾ/ വിവരങ്ങൾ/ റിപ്പോർട്ടുകൾ എന്നിവയുമാണ് പുതിയ സോഫ്റ്റ്‌വെയർ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കുകയും ഒന്നാം ഘട്ടത്തിന്റെ യൂസർ അക്സെപ്റ്റൻസ് ടെസ്റ്റ് (UAT) നടത്തി വരികയുമാണ്. ബാക്കി ഘട്ടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2. **<u>കോ-ഓപ്പ് കണക്ട് (Co-op Connect App)</u>**

സഹകരണ മേഖലയിലെ വിവിധ ഗാർഹിക സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കേരളത്തിൽ

ഉപഭോക്താക്കൾക്ക് വിശ്വസനീയമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ:

- ആദ്യഘട്ട സേവനം: ഈ ആപ്പിലൂടെ ആദ്യമായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് പ്രസവപൂർവ്വ - പ്രസവാനന്തര പരിചരണ (Pre-natal and Post-natal Care) സേവനങ്ങളാണ്. വനിതാ ഫെഡ് മുഖാന്തിരമാണ് ഈ ഘട്ടം നടപ്പിലാക്കുന്നത്.
- മറ്റ് സേവനങ്ങൾ: പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, അപ്ലയൻസ് റിപ്പയർ, പെയിന്റിംഗ്, പെസ്റ്റ് കൺട്രോൾ, സലൂൺ സേവനങ്ങൾ തുടങ്ങിയവയും ഈ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാകും.

3. **“<u>അങ്ങാടി കേരള” ആപ്പ്</u>**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, “Coop Kerala” ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും, ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാനം എന്നിവയിലൂടെ വിപണനത്തേയും ഉപഭോക്തൃ അനുഭവത്തേയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും. നാല് മാസത്തെ സമയബന്ധിതമായ പദ്ധതി പ്രവർത്തന രേഖയോടെയും ഭാവിയിൽ ഡിജിറ്റൽ പേയ്മെന്റ്, ലോജിസ്റ്റിക്സ് സേവനങ്ങൾ തുടങ്ങിയവയുടെ സംയോജനത്തിനുള്ള സാധ്യതകളോടെയും "അങ്ങാടി കേരള" ആപ്പ് സഹകരണ മേഖലയിലെ ഡിജിറ്റൽ നവീകരണത്തിനുള്ള പ്രധാന മുന്നേറ്റമായി മാറുന്നു.

4. <u>MRF Portal (Member Relief Fund)</u>

അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള പോർട്ടലാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ അപേക്ഷകർക്ക് അപേക്ഷ സമർപ്പണം ലളിതമാകുകയും അപേക്ഷകളുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാൻ സാധിക്കുകയും ധനസഹായം വേഗത്തിൽ ലഭ്യമാകുകയും ചെയ്യുന്നു. IKM(Information Kerala Mission), സിവിൽ സപ്ലൈസ്, കേരള ബാങ്ക്, ഐടി മിഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന MRF പോർട്ടലിന്റെ യൂസർ അക്സെപ്റ്റൻസ് ടെസ്റ്റ് (UAT) പൂർത്തിയായിട്ടുണ്ട്. ആവശ്യമായ തിരുത്തലുകൾ കമ്പനിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പോർട്ടലിന്റെ സെക്യൂരിറ്റി ഓഡിറ്റ് നടന്നു വരികയാണ്.

കൂടാതെ സമുദ്ര ഉൽപ്പന്ന കയറ്റുമതി, കശുവണ്ടി കയറ്റുമതി, വ്യോമയാന മേഖല എന്നീ മേഖലകളിലേയ്ക്കും സഹകരണമേഖലയുടെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്.

**(ബി)** സഹകരണ സംഘങ്ങളിലെയും സഹകരണ ബാങ്കുകളിലെയും തട്ടിപ്പുകളും അതിനെത്തുടർന്നുണ്ടാകുന്ന സാമ്പത്തിക തകർച്ചയും തടയുന്നതിനായി ഓഡിറ്റ് ഉൾപ്പെടെയുള്ള

പരിശോധനാ സംവിധാനങ്ങളിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ കണ്ടെത്തുന്ന തട്ടിപ്പുകളും അതിനെ തുടർന്നുണ്ടാകുന്ന സാമ്പത്തിക തകർച്ചയും തടയുന്നതിനായും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് നിയമ ഭേദഗതിയിലൂടെ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ടീം ഓഡിറ്റ് നടപ്പിലാക്കിയതിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും സാധിക്കുന്നുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ അഴിമതികൾ എന്നിവയിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോടുകൂടി പോലീസ് വകുപ്പിലെ ഡി.ഐ.ജി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ് സഹകരണ വിജിലൻസ്. സംസ്ഥാനത്ത് വിജിലൻസ് ഓഫീസറുടെ നിയന്ത്രണത്തിൽ 3 മേഖല ഓഫീസുകൾ ഡെപ്യൂട്ടി സൂപ്രണ്ടന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 ന്റെ പശ്ചാത്തലത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാലോചിതമായ മാറ്റം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേരള സഹകരണ സംഘം നിയമം വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള വകുപ്പുതല അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭ്യമായതിനു ശേഷം വിജിലൻസ് അന്വേഷണം ആവശ്യമായിവരുന്ന കേസുകളിൽ സഹകരണസംഘം രജിസ്ട്രാർക്ക് സഹകരണ വിജിലൻസ് മുഖേന അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. സഹകരണ വിജിലൻസ് ഓഫീസർക്ക് കൈമാറുന്ന പരാതികളിൽ 90 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പരാതി/റിപ്പോർട്ടുകളിൽ അടിയന്തര വിജിലൻസ് അന്വേഷണം ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ വിജിലൻസ് ഓഫീസർക്ക് പരാതി/റിപ്പോർട്ട് കൈമാറാവുന്നതും സഹകരണ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണസംഘം നിയമം വകുപ്പ് 68(1) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

കൂടാതെ ഇൻസ്പെക്ഷൻ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലുമുള്ള വിശദമായ പരിശോധന, ഇൻസ്പെക്ഷൻ ആപ്ലിക്കേഷനായ CIMA (Co-operative Inspection and Management Application) മുഖേന നടപ്പിലാക്കുന്നതിനും, സർചാർജ്ജ് നടപടികൾ മോണിറ്റർ ചെയ്യുന്നതിനും തുടർ നടപടികൾ ത്വരിതപ്പെടുത്തി തുക വീണ്ടെടുക്കുന്നതിനും സംസ്ഥാനതലത്തിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**(സി)** സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ നിന്നുള്ള 5 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് ലഭിക്കേണ്ട നിക്ഷേപ ഗ്യാരന്റി, സംഘത്തിന്റെ പ്രവർത്തനം പൂർണമായും അവസാനിപ്പിക്കുന്ന ഘട്ടത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്ന നിബന്ധന നിലനിൽക്കുന്നത് മൂലം പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിക്ഷേപകർക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 1969 ലെ കേരള സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. ലിക്വിഡേഷൻ നടപടികളിലുള്ള ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, മുതലിനത്തിൽ പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്യാരന്റീഡ് തുക പരമാവധി 10 ലക്ഷം രൂപയായി സ്കീമിൽ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ റെഗുലേഷനിലും ആവശ്യമായ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ലിക്വിഡേഷനിൽ അല്ലാത്ത സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിൽ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്ന കാര്യവും സർക്കാർ ആലോചിച്ചുവരുന്നു.

**(ഡി)** സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം ലക്ഷ്യമിട്ട്, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾക്ക് അടിയന്തര/ഇടക്കാല സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** സഹകരണസംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷപത്തിലുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനായി സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത ഗ്യാരന്റി സ്കീമിൽ അംഗമായ സഹകരണ സംഘങ്ങൾക്ക്, നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 ന്റെ സ്കീമീൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ഗ്യാരന്റീഡ് തുക പരമാവധി 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ റെഗുലേഷനിലും ആവശ്യമായ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലിക്വിഡേഷനിൽ അല്ലാത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾക്ക് അടിയന്തര/ഇടക്കാല സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിക്ഷേപ ഗ്യാരന്റി സ്കീം പദ്ധതിയിൽ നിലവിലില്ല.

പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയ അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെ കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2024 രൂപീകരിച്ചിട്ടുള്ളതും 2025 ൽ ടി സ്കീമിൽ ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്. ദുർബലമായതോ പ്രവർത്തന രഹിതമായതോ എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ

ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്. ടി പദ്ധതി പ്രകാരം ചുവടെ പറയുന്ന 6 സംഘങ്ങൾക്ക് 2025-26 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. വലവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ.99
2. വലിയകുളം സർവ്വീസ് സഹകരണ ബാങ്ക്
3. കട്ടപ്പന റൂറൽ ഡെവലപ്മെന്റ് സഹകരണസംഘം
4. തേക്കുതോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.പി.റ്റി.48
5. ചെങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.149
6. കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്

മേൽ പറഞ്ഞ സ്കീമുകളിൽ സുതാര്യതയും കാര്യക്ഷമതയും ഉൾപ്പെടുത്തി സംഘങ്ങൾക്കും നിക്ഷേപകർക്കും സഹായകരമാകുംവിധം മാറ്റം വരുത്തുന്നതിന് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നു.

**(ഇ)** സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

**മറുപടി:** സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ പരിഗണിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**